പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 389 02.12.2014-ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ;<br><br>(ബി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;<br><br>(സി) പ്രസ്തുത സബ്സ്റ്റേഷൻ എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ ? | (എ), (ബി) & (സി) | കടമ്പഴിപ്പുറത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2012 - ൽ നടത്തിയ സാധ്യതാപഠനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു സബ്സ്റ്റേഷന്റെ ആവശ്യകതയില്ലെന്ന് കണ്ടെത്തുകയുണ്ടായി. പിന്നീട് കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം വീണ്ടും നടത്തിയ സാങ്കേതിക പരിശോധനയിൽ കടമ്പഴിപ്പുറം പ്രദേശത്ത് വോൾട്ടേജ് ക്ഷാമം ഇല്ലെന്നും ദീർഘദൂര 11 കെ.വി ലൈനുകളിലൂടെ ഈ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നതിനാൽ പ്രകൃതി ക്ഷോഭം മുതലായ കാരണങ്ങളാൽ വൈദ്യുതി തടസ്സങ്ങൾ പതിവാകുന്നുവെന്നും വ്യക്തമായി. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ടി സ്ഥലത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനു ലക്ഷ്യമിട്ട്, ഇതു സംബന്ധിച്ച് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കാനും ഇപ്പോഴത്തെ നിലയിലുള്ള ഒരു സാങ്കേതിക പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കാനായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കൈവശമുള്ള 15 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജോലികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.